**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1652** **08-02-2023 - ൽ മറുപടിയ്ക്ക്**

**ആഗ്രോ സർവ്വീസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തിൽ പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന ആഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ തൃത്താല ബ്ലോക്ക്, ആലത്തൂർ ബ്ലോക്ക്, ഷോർണ്ണൂർ ബ്ലോക്ക് എന്നിവിടങ്ങളിലാണ് 2022-23 വർഷത്തിൽ അഗ്രോ സർവ്വീസ് സെന്റർ / കൃഷി ശ്രീ സെന്ററുകൾ ആരംഭിക്കുന്നത്. |
| (ബി) | ഓരോ ആഗ്രോ സർവ്വീസ് സെന്ററിനും എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഓരോ പുതിയ കൃഷിശ്രീ സെന്ററുകൾക്കും (ആഗ്രോ സർവീസ് സെന്ററിനും) നടപ്പ സാമ്പത്തിക വർഷം 32.5334 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. പ്രസ്തുത തുകയുടെ ഉപഘടകങ്ങൾ ചുവടെ ചേർക്കുന്നു. |
| (സി) | ആഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ബ്ലോക്കുകളുടെ പേരുവിവരം വിശദമാക്കാമോ? | (സി) | 2022-2023 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ ആലത്തൂർ, തൃത്താല, ഷൊർണ്ണൂർ എന്നീ ബ്ലോക്കുകളിലാണ് അഗ്രോ സർവ്വീസസ് സെന്റർ / കൃഷി സെന്ററുകൾ ആരംഭിക്കുന്നത്. |

| ക്രമ നം. | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കാർഷിക യന്ത്രങ്ങൾ വാങ്ങൽ | 22 |
| 2 | ഓഫീസ് സ്ഥാപിക്കൽ | 2 |
| 3 | മെയിന്റനൻസ് ഫണ്ട് | 3 |
| 4 | പ്രവർത്തന ചെലവ് | 2.4334 |
| 5 | അംഗങ്ങൾക്കുള്ള പരിശീലനം | 3.10 |
| | ആകെ | 32.5334 |

സെക്ഷൻ ഓഫീസർ